# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2847 19.06.2014 ൽ മറുപടിക്ക്

### ലീഗൽ മെട്രോളജി വകുപ്പിലെ ഒഴിവുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.കൃഷ്ണൻ | ശ്രീ. അടൂർ പ്രകാശ്<br>(ബഹു.റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) ലീഗൽ മെട്രോളജി വകുപ്പിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് തസ്തിക തിരിച്ച് ഒഴിവു വന്ന തീയതി സഹിതം വിശദമാക്കുമോ; | (എ) അസിസ്റ്റന്റ് കൺട്രോളർ - 5 ഒഴിവുകൾ<br>ഇൻസ്പെക്ടർ - 12 ഒഴിവുകൾ<br>എൽ.ഡി.ക്ളാർക്ക്- 3 ഒഴിവുകൾ<br>ക്ളാർക്ക് /ടൈപ്പിസ്റ്റ് - 2 ഒഴിവുകൾ<br>ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് - 6 ഒഴിവുകൾ,ഫുൾ ടൈം വാച്ചർ - 3 ഒഴിവുകൾ<br>ഇതിൽ ഇൻസ്പെക്ടർമാരുടെ 8ഒഴിവുകൾ 25/09/12 മുതലും 4 ഒഴിവുകൾ 5/01/13 മുതലുമാണ് നിലവിലുള്ളത്. എൽ.ഡി. ക്ളാർക്കുമാരുടെ ഒഴിവുകൾ 23/05/13 നും ക്ളാർക്ക്/ടൈപ്പിസ്റ്റിന്റെ 2 ഒഴിവുകൾ 2/03/14 നും ഇൻസ്പെക്ടിംഗ് അസിസ്റ്റന്റുമാരുടെ ഒഴിവുകൾ 1/01/12 മുതലും ഫുൾ ടൈം വാച്ചർമാരുടെ ഒഴിവുകൾ 1/03/14 നും ആണ് നിലവിൽ വന്നത്. |
| (ബി) ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടു ണ്ടോ എന്ന് വിശദമാക്കാമോ; | (ബി) അസിസ്റ്റന്റ് കൺട്രോളർമാരുടെ ഒഴിവുകൾ പ്രമോഷൻ വഴിയാണ് നികത്തുന്നത്. ബാക്കിയുള്ളവ നികത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. |

(സി) 2013, 2014 വർഷങ്ങളിൽ സീനിയർ ഇൻസ്പെക്ടർ, അസിസ്റ്റന്റ് കൺട്രോളർ എന്നീ തസ്തികകളിലേക്ക് പ്രമോഷൻ നടത്തുന്നതിന് ഡി.പി.സി കൂടിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

(സി) കൂടിയിട്ടില്ല. കേരള ലീഗൽ മെട്രോളജി സ്റ്റേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് 2012, കേരള ലീഗൽ മെട്രോളജി സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് 2012, എന്നിവ 29/01/2013 ന് നിലവിൽ വരിക ഉണ്ടായി പ്രസ്തുത ചട്ടങ്ങളിൽ ന്യൂനതകൾ ഉണ്ടായതു കാരണം അവ പരിഹരിച്ച് ഭേദഗതി ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള നടപടി കൾ സ്വീകരിച്ചു വരവെ 30/04/14 ൽ കൂടിയ സബോർഡിനേറ്റ് ലെജിസ്ളേഷൻ സമിതി ലീഗൽ മെട്രോളജി വകുപ്പിലെ നിലവിലുള്ള സ്പെഷ്യൽ റൂൾ റദ്ദ് ചെയ്ത് ന്യൂനതകൾ പരിഹരിച്ച് പുതിയ റൂൾ 3 മാസത്തിനുള്ളിൽ നടപ്പാക്കണമെന്ന് നിർദ്ദേശം നൽകിയിരിക്കുകയാണ്. ഈ സാഹചര്യത്തിൽ പുതിയ സ്പെഷ്യൽ റൂൾ നിലവിൽ വന്നതിനു ശേഷമേ സീനിയർ ഇൻസ്പെക്ടർ, അസിസ്റ്റന്റ് കൺട്രോളർ എന്നീ തസ്തികളിലേക്ക് പ്രൊമോഷൻ നടത്തുന്നതിന് ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റി (ഡി.പി.സി) കൂടുവാൻ സാധിക്കുകയുള്ളൂ

സെക്ഷൻ ഓഫീസർ